ശ്രീ. ടി. കെ. നാരായണപിള്ള: കുറഞ്ഞിട്ടുണ്ടെന്നാണ് ഗവണ്മെണ്ടിന്റെ യും അറിവ്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: കൂടുതൽ പോലീസ് മർദ്ദനങ്ങൾ നട ത്തുവാൻ ഭയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ബഹുമാനപ്പെട്ട മെമ്പറെസംബന്ധിച്ചി ടത്തോളം അതാവശ്യമാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

സുരേന്ദ്രന്റെ മരണം

*൯൫൪. (൨൩) സഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കോട്ടാത്തല സുരേന്ദ്രൻ എന്നൊരാൾ കൊട്ടാരക്കര താലൂക്കിൽ വച്ച് മൃതിയടഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു കാരണത്തിന്മേൽ മൃതിപ്പെട്ട എന്നു ഗവണ്മെ ണ്ട് അന്വേഷിക്കേണ്ടതായി വന്നിട്ടുണ്ടോ;

(സി) അന്വേഷിച്ചിട്ടുണ്ടെങ്കിൽ അതിൽനിന്നും കിട്ടിയ വിവരങ്ങൾ എന്തെല്ലാമാണ്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള).

ഈ ചോദ്യത്തിനു് ഇതിനുമുമ്പ് പലപ്രാവശ്യവും ഉത്തരം പറഞ്ഞിട്ടുണ്ട്.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞ്: ഇതിനെസംബന്ധിച്ച് ഒരു പരസ്യാന്വേഷണം നടത്തുന്നതാണെന്നു പറഞ്ഞിട്ടുണ്ട്. അതു് എന്നു മുതൽ തീക്കുമെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെസംബന്ധിച്ചു ഗവണ്മെണ്ടിൽ നിന്നും ഒരു പ്രസ്സ്നോട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ള വിവ രങ്ങൾ പത്രം വായിക്കുന്നവർക്കെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞ്: അടുത്ത തെരഞ്ഞെടുപ്പിനു മുമ്പ് അതു് നടത്തുമോ?

Mr. Speaker: That is a request for action.

PORAMBOKE AND PUTHUVAL LANDS

***935.** [24] **Sri. Eapen Arakkal:** Will the Hon'ble Minister for Finance and Revenue be pleased to state:—

(*a*) whether poramboke and puthuval lands could be registered in the names of private individuals on application;

(*b*) can such registers be effected at present; and

(*c*) if answer to (*b*) is in the negative when was the change in this matter brought about and by whom?

ധനകാര്യവും റവന്യൂവുംവകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ, ബി) ഇന്നു നിലവിലിരിക്കുന്ന ആക്ടനുസരിച്ച് കൊച്ചിയിൽ ഭൂമി പതിച്ചുകൊടുക്കുന്നതിനു് അവകാശമുണ്ട്.

(സി) തിരുവിതാംകൂറിൽ അങ്ങിനെ പതിച്ചുകൊടുക്കുന്നില്ല. ഭൂമി പതിച്ചുകൊടുക്കാൻ പാടില്ലെന്നു് ൧൯൫൨-ൽ തിരുവിതാംകൂർ ഗവണ്മെണ്ട് ഒരു ഉത്തരവു് പുറപ്പെടുവിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly